# 2020-ലെ കേരള ക്രിസ്ത്യൻ സെമിത്തേരികൾ (ശവം അടക്കം ചെയ്യുന്നതിനുള്ള അവകാശം) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും

2020 ഫെബ്രുവരി 7-ാം തീയതി സമർപ്പിച്ചത്

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2020

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

# 2020-ലെ കേരള ക്രിസ്ത്യൻ സെമിത്തേരികൾ (ശവം അടക്കം ചെയ്യുന്നതിനുള്ള അവകാശം) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും

126/2020.

# ഉള്ളടക്കം


| | | | പേജ് |
|---|---|---|---|
| 1. | സമിതിയുടെ ഘടന | .. | v |
| 2. | റിപ്പോർട്ട് | .. | 1 |
| 3. | അനുബന്ധം : | | |
| | I. വിയോജനക്കുറിപ്പ് | .. | 3 |
| | II. സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള ബിൽ | .. | 5 |

## സബ്ജക്ട് കമ്മിറ്റി XIV
## (ആഭ്യന്തരകാര്യങ്ങൾ)
## (2019-2021)

**ഘടന**

അദ്ധ്യക്ഷൻ :

ശ്രീ. പിണറായി വിജയൻ,
മുഖ്യമന്ത്രി.

പ്രത്യേക ക്ഷണിതാവ് :

ശ്രീ. എ. കെ. ബാലൻ,
പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായക്ഷേമവും നിയമവും
സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി.

അംഗങ്ങൾ :

ശ്രീ. വി. എസ്. അച്ചുതാനന്ദൻ

ശ്രീ. ജെയിംസ് മാത്യു

ഡോ. എം. കെ. മുനീർ

ശ്രീ. സി. കെ. നാണു

ശ്രീ. ഉമ്മൻ ചാണ്ടി

ശ്രീ. എ. പ്രദീപ്കുമാർ

ശ്രീ. രാജു എബ്രഹാം

ശ്രീ. ആർ. രാമചന്ദ്രൻ

ശ്രീ. രമേശ് ചെന്നിത്തല.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ, സെക്രട്ടറി

ശ്രീ. രാജു കെ. എ., ജോയിന്റ് സെക്രട്ടറി

ശ്രീ. സുരേഷ് കുമാർ ജി. എസ്., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. അനിൽകുമാർ. ബി., അണ്ടർ സെക്രട്ടറി.

# 2020-ലെ കേരള ക്രിസ്ത്യൻ സെമിത്തേരികൾ (ശവം അടക്കം ചെയ്യുന്നതിനുള്ള അവകാശം) ബിൽ

(സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്)

1. ആഭ്യന്തരകാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV-ന്റെ പരിഗണനയ്ക്കായി അയച്ച 2020-ലെ കേരള ക്രിസ്ത്യൻ സെമിത്തേരികൾ (ശവം അടക്കം ചെയ്യുന്നതിനുള്ള അവകാശം) ബിൽ (ബിൽ നമ്പർ 243), സമിതി ഖണ്ഡം ഖണ്ഡമായി പരിഗണിച്ചതനുസരിച്ചുള്ള സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുന്നു.

2. 2020-ലെ കേരള ക്രിസ്ത്യൻ സെമിത്തേരികൾ (ശവം അടക്കം ചെയ്യുന്നതിനുള്ള അവകാശം) ബിൽ 2020 ജനുവരി 31-ാം തീയതി ഒരു അസാധാരണ ഗസറ്റായി പ്രസിദ്ധീകരിച്ചു. ഈ ബിൽ 2020 ഫെബ്രുവരി 6-ാം തീയതി സഭയിൽ അവതരിപ്പിക്കുകയും അന്നേ ദിവസം തന്നെ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കായി അയയ്ക്കുകയും ചെയ്തു.

3. 2020 ഫെബ്രുവരി 6-ാം തീയതി സമിതി യോഗം ചേർന്ന് ബിൽ ഖണ്ഡം ഖണ്ഡമായി പരിഗണിക്കുകയും താഴെപ്പറയുന്ന ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു:

ശീർഷകം

(1) ശീർഷകം താഴെപ്പറയും പ്രകാരം മാറ്റുക :

"2020-ലെ കേരള ക്രിസ്ത്യൻ (മലങ്കര ഓർത്തഡോക്സ്-യാക്കോബായ) സെമിത്തേരികളിൽ മൃതദേഹം അടക്കം ചെയ്യുന്നതിനുള്ള അവകാശം ബിൽ"

ദീർഘ ശീർഷകം

(2) ദീർഘ ശീർഷകത്തിൽ :

(i) "ക്രിസ്ത്യാനികളുടെ" എന്ന വാക്കിനുമുമ്പായി "മലങ്കര ഓർത്തഡോക്സ്-യാക്കോബായ വിഭാഗങ്ങളിൽപ്പെട്ട" എന്നീ വാക്കുകൾ ചേർക്കുക;

(ii) "ശവം" എന്ന വാക്കിനു പകരം "മൃതദേഹം" എന്ന വാക്ക് ചേർക്കുക.

പീഠിക

(3) (i) "ക്രിസ്ത്യാനികളുടെ" എന്ന വാക്കിനുമുമ്പായി "മലങ്കര ഓർത്തഡോക്സ്-യാക്കോബായ വിഭാഗങ്ങളിൽപ്പെട്ട" എന്നീ വാക്കുകൾ ചേർക്കുക;

(ii) "ശവം" എന്ന വാക്കിനു പകരം "മൃതദേഹം" എന്ന വാക്ക് ചേർക്കുക.

ഖണ്ഡം 1

(4) ഉപഖണ്ഡം (1) താഴെപ്പറയുന്ന പ്രകാരം മാറ്റുക :

"2020-ലെ കേരള ക്രിസ്ത്യൻ (മലങ്കര ഓർത്തഡോക്സ്-യാക്കോബായ) സെമിത്തേരികളിൽ മൃതദേഹം അടക്കം ചെയ്യുന്നതിനുള്ള അവകാശം ആക്ട് എന്ന് പേര് പറയാം"

(5) ഖണ്ഡം 2 (ബി) ഇനത്തിൽ,—

(i) "ജ്ഞാനസ്നാനം" എന്ന വാക്കിനുപകരം "സ്നാനം" എന്ന വാക്ക് ചേർക്കുക;

(ii) "ചെയ്യപ്പെട്ടിട്ടുള്ളതുമായ" എന്ന വാക്കിനുശേഷം "മലങ്കര ക്രിസ്ത്യൻ സഭയിലെ ഓർത്തഡോക്സ്-യാക്കോബായ വിഭാഗങ്ങളിൽപ്പെടുന്ന" എന്നീ വാക്കുകൾ ചേർക്കുക;

(iii) (ഡി) ഇനത്തിൽ,—

"ക്രിസ്ത്യൻ" എന്ന വാക്കിനുപകരം "ക്രിസ്ത്യാനി" എന്ന വാക്ക് ചേർക്കുക.

ഖണ്ഡം 3

(6) "ശവം" എന്ന വാക്കിനു പകരം "മൃതദേഹം" എന്ന വാക്ക് ചേർക്കുക.

ഖണ്ഡം 4

(7) "ശവം" എന്ന വാക്കിനു പകരം "മൃതദേഹം" എന്ന വാക്ക് ചേർക്കുക.

ഖണ്ഡം 6

(8) (i) "ശവം" എന്ന വാക്കിനു പകരം "മൃതദേഹം" എന്ന വാക്ക് ചേർക്കുക;

(ii) വിശദീകരണത്തിൽ "ശവം അടക്കൽ" എന്നീ വാക്കുകൾക്ക് പകരം "മൃതദേഹം അടക്കം ചെയ്യൽ" എന്നീ വാക്കുകൾ ചേർക്കുക.

4. മറ്റ് ഭേദഗതികൾ ആനുഷംഗികമോ ഘടനാപരമോ ആണ്.

5. വിയോജനക്കുറിപ്പും സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും അനുബന്ധമായി ചേർത്തിരിക്കുന്നു.

പിണറായി വിജയൻ,
*ചെയർമാൻ,*
*സബ്ജക്റ്റ് കമ്മിറ്റി XIV.*

തിരുവനന്തപുരം,
2020 ഫെബ്രുവരി 6.

# വിയോജനക്കുറിപ്പ്

2020-ലെ കേരള ക്രിസ്ത്യൻ സെമിത്തേരികൾ (ശവം അടക്കം ചെയ്യുന്നതിനുള്ള അവകാശം) ബില്ല് സംബന്ധിച്ച് മലങ്കര ഓർത്തഡോക്സ്, പാത്രിയാർക്കീസ് വിഭാഗങ്ങൾ തമ്മിൽ വിശദമായ ചർച്ച നടത്തേണ്ടതായിരുന്നു. ഈ നിയമം മറ്റ് ക്രൈസ്തവ വിഭാഗങ്ങളിൽ ആശങ്ക ഉണ്ടാക്കിയിട്ടുണ്ട്. ഈ ബില്ലിലെ വ്യവസ്ഥ അവർക്കുകൂടി ബാധകമാകുന്നതുമൂലം അവരുടെയും ആചാരങ്ങളും, അനുഷ്ഠാനങ്ങളും സംബന്ധിച്ച് തർക്കങ്ങളും പുതിയ പ്രശ്നങ്ങളും ഉണ്ടാകുവാൻ ഇടയായതായി മറ്റ് ക്രൈസ്തവ വിഭാഗങ്ങൾ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഇത്തരം ആശങ്കകൾ ദൂരീകരിക്കുവാൻ കഴിയുന്നരീതിയിൽ ആവശ്യമായ വ്യക്തത നിയമത്തിൽ ഉണ്ടാക്കുവാൻ സർക്കാരിന് കഴിഞ്ഞിട്ടില്ല. ആയതിനാൽ ഈ ബില്ലിൽ ആവശ്യമായ വ്യക്തത വരുത്തേണ്ടതുണ്ട്.

| | |
|---|---|
| ഡോ. എം. കെ. മുനീർ | (ഒപ്പ്) |
| രമേശ് ചെന്നിത്തല | (ഒപ്പ്) |

അനുബന്ധം II

# 2020-ലെ കേരള ക്രിസ്ത്യൻ സെമിത്തേരികൾ (ശവം അടക്കം ചെയ്യുന്നതിനുള്ള അവകാശം) ബിൽ

(സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ളത്)

[അടിവരയിട്ടത് സബ്ജക്ട് കമ്മിറ്റി നിർദ്ദേശിച്ച ഭേദഗതികളെ സൂചിപ്പിക്കുന്നു.]

മലങ്കര ഓർത്തഡോക്സ്-യാക്കോബായ വിഭാഗങ്ങളിൽപ്പെട്ട ക്രിസ്ത്യാനികളുടെ മൃതദേഹം അടക്കം ചെയ്യുന്നതിനും ശവസംസ്കാര ശുശ്രൂഷകൾക്കും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—മലങ്കര ഓർത്തഡോക്സ്-യാക്കോബായ വിഭാഗങ്ങളിൽപ്പെട്ട ക്രിസ്ത്യാനികളുടെ മൃതദേഹം അടക്കം ചെയ്യുന്നതിനും ശവസംസ്കാര ശുശ്രൂഷകൾക്കും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിയൊന്നാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) 2020-ലെ കേരള ക്രിസ്ത്യൻ (മലങ്കര ഓർത്തഡോക്സ്-യാക്കോബായ) സെമിത്തേരികളിൽ മൃതദേഹം അടക്കം ചെയ്യുന്നതിനുള്ള അവകാശം ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് 2020 ജനുവരി 7-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ സന്ദർഭം മറ്റു വിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(എ) "സെമിത്തേരി" എന്നാൽ ഇടവകാംഗങ്ങളുടെ മൃതദേഹങ്ങൾ, മൃതദേഹം ജഡമായോ സംസ്കാരപ്രക്രിയയിലൂടെ ചാരമായി മാറ്റിയിട്ടുള്ളതോ ആയിരുന്നാലും ഒരു കോൺക്രീറ്റ് അറയിൽ അല്ലെങ്കിൽ തറയിൽ എടുത്തിട്ടുള്ള കുഴിയിൽ അടക്കം ചെയ്യുന്നതിനായി വേർതിരിച്ചിട്ടുള്ള ഒരു സ്ഥലം എന്നർത്ഥമാകുന്നു;

(ബി) "ക്രിസ്ത്യാനി" എന്നാൽ ബൈബിളിൽ വിശ്വസിക്കുന്നവരും യേശുക്രിസ്തുവിനെ ദൈവത്തിന്റെ ഏകജാതനായ പുത്രനായി അംഗീകരിക്കുന്നവരും സ്നാനം ചെയ്യപ്പെട്ടിട്ടുള്ളതുമായ മലങ്കര ക്രിസ്ത്യൻ സഭയിലെ ഓർത്തഡോക്സ്-യാക്കോബായ വിഭാഗങ്ങളിൽപ്പെടുന്ന ഏതൊരാളും എന്നർത്ഥമാകുന്നതും അതിൽ ഉൾപ്പെടുന്നതുമാകുന്നു;

(സി) "സർക്കാർ" എന്നാൽ കേരള സർക്കാർ എന്നർത്ഥമാകുന്നു;

(ഡി) "ഇടവക" എന്നാൽ കുടുംബാംഗങ്ങൾക്ക് ആരാധന അർപ്പിക്കുന്നതിനായി ഒരു പള്ളി അല്ലെങ്കിൽ പ്രാർത്ഥനാ ഹാൾ ഉള്ള ക്രിസ്ത്യാനി കുടുംബങ്ങളുടെ ഒരു കൂട്ടായ്മ എന്നർത്ഥമാകുന്നു;

(ഇ) "നിർണ്ണയിക്കപ്പെട്ട" എന്നാൽ ഈ ആക്റ്റിൻ കീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ടത് എന്നർത്ഥമാകുന്നു.

3. മൃതദേഹം അടക്കം ചെയ്യുന്നതിനുള്ള അവകാശം.—(1) ഒരു ഇടവകയിൽ ഉൾപ്പെടുന്ന കുടുംബങ്ങളിലെ എല്ലാ അംഗങ്ങൾക്കും അവരുടെ പൂർവ്വികരെ അടക്കം ചെയ്തിട്ടുള്ള സെമിത്തേരിയിൽ അടക്കം ചെയ്യപ്പെടുന്നതിന് അവകാശം ഉണ്ടായിരിക്കുന്നതാണ്.

(2) ഒരു ഇടവകയിലെ മരണപ്പെട്ട അംഗത്തിന്റെ ബന്ധുക്കൾക്ക് പള്ളിയിലോ അതിന്റെ സെമിത്തേരിയിലോ ഉള്ള ശവസംസ്കാര ശുശ്രൂഷകൾ ഉപേക്ഷിക്കുകയോ അവർ തെരഞ്ഞെടുത്ത ഒരു വൈദികനാൽ മറ്റേതെങ്കിലും സ്ഥലത്ത് വച്ചുള്ള ശവസംസ്കാര ശുശ്രൂഷകൾക്ക് വേണ്ടി തീരുമാനിക്കുകയോ ചെയ്യാവുന്നതാണ്.

വിശദീകരണം.—ഈ വകുപ്പിന്റെ ആവശ്യത്തിലേയ്ക്കായി ഒരു ഇടവകയിൽ ഉൾപ്പെടുന്ന ഒരു കുടുംബത്തിലെ അംഗം എന്നതിൽ ആ സെമിത്തേരിയിൽ അടക്കം ചെയ്യപ്പെട്ടിട്ടുള്ള എല്ലാ ആൾക്കാരുടെയും പിൻഗാമികളും ഉൾപ്പെടുന്നതാകുന്നു.

4. ശിക്ഷ.—3-ാം വകുപ്പിൽ അടങ്ങിയിട്ടുള്ള വ്യവസ്ഥകൾ ലംഘിച്ചുകൊണ്ട്, മൃതദേഹം അടക്കം ചെയ്യുന്നത് തടയുകയോ തടയാൻ ശ്രമിക്കുകയോ പ്രേരിപ്പിക്കുകയോ ചെയ്യുന്ന ഏതൊരാളെയും, കുറ്റസ്ഥാപനത്തിൻമേൽ ഒരു വർഷം വരെയാകാവുന്ന തടവോ പതിനായിരം രൂപവരെയാകാവുന്ന പിഴയോ അല്ലെങ്കിൽ രണ്ടും കൂടിയോ നൽകി ശിക്ഷിക്കേണ്ടതാണ്.

5. കുറ്റങ്ങൾ കോഗ്നൈസബിളും ജാമ്യം ലഭിക്കുന്നതും രാജിയാക്കാവുന്നതും ആയിരിക്കുമെന്ന്.—ഈ ആക്റ്റിൻ കീഴിൽ ഉള്ള കുറ്റങ്ങൾ കോഗ്നൈസബിളും ജാമ്യം ലഭിക്കുന്നതും മരണപ്പെട്ടയാളിന്റെ കുടുംബാംഗങ്ങൾക്ക് രാജിയാക്കാവുന്നതും ആയിരിക്കുന്നതാണ്.

6. <u>രജിസ്റ്ററുകളുടെ പരിപാലനം</u>.—ഇടവകയിലെ വികാരി 3-ാം വകുപ്പ് പ്രകാരം സെമിത്തേരിയിൽ നടത്തപ്പെട്ട മൃതദേഹം അടക്കലിനു വേണ്ടി നിർണ്ണയിക്കപ്പെടാവുന്ന ഒരു പ്രത്യേക രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. വികാരി അങ്ങനെയുള്ള രജിസ്റ്റർ ഒരു സ്ഥിരമായ രേഖയായി അയാളുടെ ഓഫീസിൽ സൂക്ഷിക്കേണ്ടതും അയാൾക്ക് സമർപ്പിക്കുന്ന അപേക്ഷയിൻമേൽ നിർണ്ണയിക്കപ്പെടാവുന്ന ഫീസ് സ്വീകരിച്ചുകൊണ്ട് ഏതൊരാൾക്കും ഇതിലേയ്ക്കായി സർട്ടിഫിക്കറ്റ് നൽകേണ്ടതുമാണ്.

<u>വിശദീകരണം</u>.—"വികാരി" എന്നതിൽ പുരോഹിതൻ, പാസ്റ്റർ അല്ലെങ്കിൽ മൃതദേഹം അടക്കം ചെയ്യൽ ആചാരങ്ങൾ നിർവ്വഹിക്കുന്ന ഒരാളും ഉൾപ്പെടുന്നതാകുന്നു.

7. <u>ചട്ടങ്ങൾ ഉണ്ടാക്കുന്നതിനുള്ള അധികാരം</u>.—(1) സർക്കാരിന്, ഗസറ്റ് വിജ്ഞാപനം വഴി, ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിലേയ്ക്കായി ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) ഈ ആക്റ്റിൻ കീഴിൽ ഉണ്ടാക്കുന്ന ഏതൊരു ചട്ടവും അതുണ്ടാക്കിയതിനു ശേഷം, കഴിയുന്നത്രവേഗം, നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ സഭ മുൻപാകെ ഒരു സമ്മേളനത്തിലോ തുടർച്ചയായ രണ്ട് സമ്മേളനങ്ങളിലോപെടാവുന്ന ആകെ പതിനാല് ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും അപ്രകാരം അത് ഏതു സമ്മേളനത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ തൊട്ടടുത്തു വരുന്ന സമ്മേളനമോ അവസാനിക്കുന്നതിനു മുൻപ് നിയമസഭ പ്രസ്തുത ചട്ടങ്ങളിൽ എന്തെങ്കിലും രൂപഭേദം വരുത്തുകയോ, അല്ലെങ്കിൽ ആ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്നപക്ഷം ആ ചട്ടത്തിന്, അതിനുശേഷം, അതതുസംഗതിപോലെ, അങ്ങനെ രൂപഭേദപ്പെടുത്തിയ രൂപത്തിൽമാത്രം പ്രാബല്യം ഉണ്ടായിരിക്കുകയോ, അല്ലെങ്കിൽ യാതൊരു പ്രാബല്യവുമില്ലാതിരിക്കുകയോ ചെയ്യുന്നതാകുന്നു; എന്നിരുന്നാലും, അങ്ങനെയുള്ള എന്തെങ്കിലും രൂപഭേദപ്പെടുത്തലോ റദ്ദാക്കലോ ആ ചട്ടപ്രകാരം മുൻപ് ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിലായിരിക്കേണ്ടതാണ്.

8. <u>റദ്ദാക്കലും ഒഴിവാക്കലും</u>.—(1) 2020-ലെ കേരള ക്രിസ്ത്യൻ സെമിത്തേരികൾ (ശവം അടക്കം ചെയ്യുന്നതിനുള്ള അവകാശം) ഓർഡിനൻസ് (2020-ലെ 1) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽത്തന്നെയും, പ്രസ്തുത ഓർഡിനൻസ് പ്രകാരം ചെയ്ത ഏതെങ്കിലും കാര്യമോ എടുത്ത ഏതെങ്കിലും നടപടിയോ ഈ ആക്റ്റിൻ കീഴിൽ ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

കേരള നിയമസഭാ സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം,
2020 ഫെബ്രുവരി 6.

എസ്. വി. ഉണ്ണികൃഷ്ണൻ നായർ,
*സെക്രട്ടറി.*